بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅഃ ഖുത്വ്ബ**

**സംഗ്രഹം**

**26-06-2026**

# ഉദാരമനസ്കനായ മഹ്ദീമസീഹ്(അ)

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشۡهَدُ اَنۡ لَّا اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ - بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ -

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ الرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

തശഹ്ഹുദ്, തഅവ്വുദ്, സൂറത്തുൽ ഫാത്തിഹ എന്നിവ ഓതിയതിന് ശേഷം ഹുസൂർ അൻവർ (അയ്യദഹുല്ലാഹ്) അരുളി:

അല്ലാഹുവിന്റെ കല്പനകളും നബകരീം (സ) യുടെ ഉദാത്തമായ മാതൃകയും പിന്തുടർന്നു കൊണ്ട്, പാവങ്ങളെ സേവിക്കുകയും ഉപകാരം ചെയ്യുകയും ചെയ്യുന്ന നിരവധി സംഭവങ്ങൾ നമുക്ക് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ജീവിതത്തിൽ കാണാൻ സാധിക്കും. അവിടുത്തെ പ്രവാചകത്വവാദ കാലഘട്ടത്തിൽ മാത്രമല്ല, മറിച്ച് അവിടുത്തെ ജീവിതത്തിന്റെ പ്രാരംഭഘട്ടത്തിലും യൗവനകാലത്തും അങ്ങയുടെ മഹനീയ ഗുണങ്ങൾ വെളിപ്പെടുത്തുന്ന സംഭവങ്ങളാണ് നമുക്ക് ലഭിക്കുന്നത്.

ഏത് മാതാവിന്റെ മടിത്തട്ടിലാണോ അല്ലാഹു അങ്ങയ്ക്ക് പോഷണം നല്കിത്, അവരുടെ ജീവിതത്തിലേക്ക് നാം നോക്കുമ്പോഴും അവിടെ നമുക്ക് ദരിദ്രസേവയുടെയും ഉദാരമനസ്കതയുടെയും നിരവധി സംഭവങ്ങൾ കാണാം. ഉന്നത ധാർമികഗുണങ്ങളുള്ള ഒരു മാതാവിന്റെ മടിത്തട്ടിലാണ് അവിടുന്ന് വളർന്നത് എന്ന് ചുരുക്കം.

ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി ഇർഫാനി (റ) എഴുതുന്നു: ഹദ്റത്ത് ചിറാഗ് ബീവി സാഹിബ, അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മാതാവ് ഹോഷിയാർപൂർ ജില്ലയിൽ ഐമ ഗ്രാമത്തിലെ ഒരു മാന്യ മുഗൾ കുടുംബത്തിലാണ് ജനിച്ചത്. പരോപകാരവും അതിഥിസൽക്കാരവും നിറഞ്ഞുനിന്ന പ്രകൃതമായിരുന്ന അവരുടേത്. പരിശുദ്ധിയുടെയും പവിത്രതയുടെയും ദേവിയായ ആ സ്ത്രീരത്നത്തിൽ ഉത്കൃഷ്ടഗുണങ്ങൾ ഒത്തുചേർന്നിരുന്നു. അവർ എപ്പോഴും പ്രസന്നവതിയും ശാന്തസ്വഭാവിയുമായിരുന്നു. അതിഥിസൽക്കാരത്തിന്റെ കാര്യത്തിൽ അവർ ഉത്കടമായ ആവേശവും ഉദാരതയും കാണിച്ചിരുന്നു. നാല് പേർക്കുള്ള ഭക്ഷണം എത്തിക്കാൻ അവരോട് ആവശ്യപ്പെട്ടാൽ, അവിടെ നിന്നും ഭക്ഷണം പോകുമ്പോൾ അത് എട്ടിലധികം ആളുകൾക്ക് തികയുന്ന വിധത്തിലായിരിക്കും ഉണ്ടാവുക!

ഹദ്റത്ത് മിയാൻ അല്ലാഹ് യാർ സാഹിബ് (റ) വിവരിക്കുന്നു: ഹദ്റത്ത് അഖ്ദസ് (അ) സിയാൽകോട്ടിൽ ജോലി നോക്കിയിരുന്ന സമയത്ത്, ഒരിക്കൽ അങ്ങയുടെ മാതാവ് അങ്ങേയ്ക്കായി രണ്ട് ജോടി വസ്ത്രങ്ങളും കുറച്ച് പലഹാരങ്ങളും മംഗൽ എന്ന് പേരുള്ള ഒരു ഒസാൻ വശം കൊടുത്തയക്കുകയുണ്ടായി. (അദ്ദേഹം പറയുന്നു) 'ഞാൻ ഈ സാധനങ്ങളുമായി സിയാൽകോട്ടിൽ ചെന്ന് ഹദ്റത്ത് അഖ്ദസ് (അ)ന്റെ മുന്നിൽ സമർപ്പിച്ചപ്പോൾ അവിടുന്ന് അരുളി: *ഇതിൽ നിന്റെ വിഹിതം വരുന്നത് നീ എടുത്തുകൊള്ളുക, എന്റെ വിഹിതമുള്ളത് എനിക്ക് തരിക.*

ഞാൻ പറഞ്ഞു: 'ഹുസൂർ, ഇത് അങ്ങേയ്ക്കുള്ളതാണ്. അങ്ങയുടെ മാതാവ് അങ്ങേയ്ക്ക് വേണ്ടി മാത്രം കൊടുത്തയച്ചതാണ്'. അവിടുന്ന് അരുളി: *നീ ഈ സാധനങ്ങളെല്ലാം ഇത്രയും ദൂരത്തുനിന്ന് ചുമന്നു കൊണ്ടുവന്നതല്ലേ, അതിനാൽ ഇതിന്റെ പകുതി വിഹിതം നീ തീർച്ചയായും എടുത്തുകൊള്ളുക. എനിക്ക് ഒരു ജോടി വസ്ത്രവും കുറച്ച് പലഹാരങ്ങളും തന്നാൽ മതി.* ശേഷം അവിടുന്ന് അരുളി: *എന്നെ ഇവിടെ നിന്നും എത്രയും വേഗം തിരികെ വിളിക്കാൻ*

*ഉമ്മയോട് ചെന്ന് പറയണം. എന്റെ മനസ്സ് ഇവിടെ ഇണങ്ങുന്നില്ല.*

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റ) ഒരു നിവേദനം വിവരിക്കുന്നു: ഹദ്റത്ത് സാഹിബ് (അ) സിയാൽകോട്ടിൽ താമസിച്ചിരുന്ന കാലത്ത് അവിടുന്ന് അനാവശ്യമായി ആരുമായും ഇടപഴ കാറുണ്ടായിരുന്നില്ല. അവിടുത്തേക്ക് ലഭിച്ചിരുന്ന ശമ്പളം മുഴുവൻ അവിടുന്ന് പാവങ്ങൾക്കായി നൽകുമായിരുന്നു; ഒന്നുകിൽ അവർക്ക് വസ്ത്ര ങ്ങൾ തയ്പ്പിച്ചു നൽകും അല്ലെങ്കിൽ പണമായി തന്നെ ധർമ്മം ചെയ്യും. സ്വന്തം ആവശ്യത്തിനായി ഭക്ഷണത്തിനുള്ള ചിലവ് മാത്രമായിരുന്നു അവിടുന്ന് മാറ്റിവെച്ചിരുന്നത്.

ആദ്യകാലങ്ങളിൽ അവിടുന്ന് ഏകാന്തജീവിതം നയിക്കുകയും അതിലേക്ക് കൂടുതൽ താല് പര്യം കാണിക്കുകയും ചെയ്തിരുന്നതിനാൽ ഇത്തരം സ്വഭാവങ്ങൾ വളരെ ഗോപ്യമായാണ് പ്രകടമായിരുന്നത്. എന്നാൽ അല്ലാഹു അങ്ങയെ ജനമധ്യത്തിലേക്ക് കൊണ്ടുവരികയും ആളുക ളുടെ വരവ് വർദ്ധിക്കുകയും അങ്ങയുടെ അവസ്ഥകൾ ആളുകൾ അറിയുകയും ചെയ്ത തോടെ ഈ സംഭവങ്ങൾക്ക് സാക്ഷ്യം വഹി ക്കാനും അവ വിവരിക്കാനും നിരവധി ആളുകൾ ഉണ്ടായി വന്നു. ചോദിച്ചുവരുന്ന യാചകരെ അവിടുന്ന് ഒരിക്കലും നിരാകരിച്ച് മടക്കാറുണ്ടാ യിരുന്നില്ല.

ഹദ്റത്ത് മൗലാനാ അബ്ദുൽ കരീം സാഹിബ് (റ) വിവരിക്കുന്നു: ഒരിക്കൽ അസർ നമസ് കാരത്തിന് ശേഷം അവിടുന്ന് എഴുന്നേറ്റ് പള്ളി യുടെ വാതിലിലൂടെ അകത്തേക്ക് പ്രവേശി ക്കാൻ കാലെടുത്തു വെച്ചപ്പോഴേക്കും ഒരു യാചകൻ വളരെ പതുക്കെ പറഞ്ഞു: വല്ലതും തരണേ. ഹദ്റത്ത് അഖ്ദസ് (അ)ന് ആ സമയം വളരെ അടിയന്തിരമായ എന്തോ ജോലിയുണ്ടാ യിരുന്നു, അതോടൊപ്പം അയാളുടെ ശബ്ദം അവിടെയുണ്ടായിരുന്ന മറ്റുള്ളവരുടെ ശബ്ദ കോലാഹലങ്ങൾക്കിടയിൽ അമർന്നു പോവു കയും ചെയ്തിരുന്നു. അവിടുന്ന് അകത്തേക്ക് പ്രവേശിച്ചുവെങ്കിലും ആ ദീനമായ ശബ്ദം അവിടുത്തെ ഹൃദയത്തിൽ വലിയൊരു സ്വാധീനം ചെലുത്തി. അവിടുന്ന് ഹദ്റത്ത് ഖലീഫ നൂറുദ്ദീൻ സാഹിബ് (റ)നെ വിളിച്ച് പറഞ്ഞു: *അവിടെയൊരു യാചകൻ ഉണ്ടായിരുന്നല്ലോ, അയാളെ ഒന്ന് നോക്കൂ.* എന്നാൽ എത്ര തിരഞ്ഞിട്ടും അയാളെ കണ്ടെത്താനായില്ല. വൈകുന്നേരം നമസ്കാര ത്തിന് ശേഷം അവിടുന്ന് വീണ്ടും ഇരുന്നപ്പോൾ ആ യാചകൻ വീണ്ടും വരികയും തന്റെ ആവശ്യം ഉണർത്തുകയും ചെയ്തു. ഹദ് റത്ത് അഖ്ദസ്(അ) അതീവ വേഗതയിൽ തന്റെ കീശയിൽ നിന്നും എന്തോ എടുത്ത് അയാളുടെ കയ്യിൽ വെച്ചു കൊടുത്തു. ആ സമയം അവിടുത്തെ മുഖത്ത് വലിയൊരു ഭാരം ഒഴിഞ്ഞുപോയതുപോലെയുള്ള സന്തോഷമാണ് ദൃശ്യമായത്.

ഖാദിയാനിൽ നിന്നും ആറ് മൈൽ അകലെ യുള്ള ഒരു ചെറിയ ഗ്രാമമാണ് സഠിയാലി. അവിടെ നിന്നും ഒരു ഫക്കീർ വരാറുണ്ടായിരുന്നു. അയാൾ മസ്ജിദ് മുബാറക്കിന്റെ മുകളിൽ ചെന്ന് ജനലിലൂടെ ഇപ്രകാരം വിളിച്ചു പറയുമായി രുന്നു: ഗുലാം അഹ്മദ്! ഒരു രൂപ വേണം. എന്നിട്ടയാൾ അവിടെ ഇരിക്കും. ഹദ്റത്ത് മസീഹ് മൗഊദ് (അ) വല്ല ജോലിയിലും വ്യാപൃ തനാണെങ്കിൽ അയാൾ അല്പം നേരം കഴി യുമ്പോൾ ഇപ്രകാരം വിളിച്ചു പറഞ്ഞുകൊ ണ്ടേയിരിക്കും. മിക്ക ആളുകൾക്കും ഇത് കടുത്ത അലോസരമായി തോന്നി. എങ്കിലും ആരെങ്കിലും അയാളോട് ദേഷ്യപ്പെടുകയോ മറ്റോ ചെയ്തതായി ഹദ്റത്ത് മസീഹ് മൗ ഊദ് (അ) അറിഞ്ഞാൽ അവിടുന്ന് അത് ഒട്ടും ഇഷ്ടപ്പെട്ടിരുന്നില്ല; ഒരു ചെറുപുഞ്ചിരിയോടെ അവിടുന്ന് അയാൾക്ക് പണം നൽകുമായി രുന്നു.

1905-ൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) അവസാന മായി ദൽഹി സന്ദർശിക്കുകയുണ്ടായി. ഒരിക്കൽ അവിടുന്ന് ദൽഹിയിലെ മഖ്ബറകളും മറ്റും സന്ദർശിക്കുക എന്ന ഉദ്ദേശ്യത്തോടെ പുറപ്പെട്ടു. അപ്പോൾ ആരോ ഉണർത്തിച്ചു: ഹുസൂർ! ആ വഴിയിൽ യാചകർ വളരെയധികം ഉണ്ട്, അത് കാരണം അതിലൂടെ നടന്നുപോകാൻ പോലും ബുദ്ധിമുട്ടാണ്. അവിടുന്ന് അരുളി: *ഇന്ന് നമുക്ക് അങ്ങോട്ട് തന്നെ പോകാം; എല്ലാവർക്കും ദാനം ചെയ്യാമല്ലോ.* കേട്ടിരുന്ന അത്രയും വലിയൊരു യാചകക്കൂട്ടത്തെ അന്ന് അവിടെ കണ്ടില്ലെങ്കിലും, കുറച്ചുപേരെ കാണു കയുണ്ടായി; അവർക്കെല്ലാം അവിടുന്ന് ദാനം നൽകി.

ഹദ്റത്ത് ഹാഫിസ് അഹ്മദുള്ള സാഹിബ് നാഗ്പൂരി (റ) വിവരിക്കുന്നു: ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) ഗോൽ കംരയിൽ ഇരി ക്കുകയായിരുന്നു. ഏതാണ്ട് ഇരുപതോ ഇരു

പത്തഞ്ചോ ആളുകൾ അവിടെയുണ്ടായിരുന്നു. ഹദ്റത്ത് അഖ്ദസ് (അ) എന്തോ പ്രഭാഷണം നടത്തിക്കൊണ്ടിരിക്കെ ഒരു ഫക്കീർ വരികയും ഉച്ചത്തിൽ യാചിക്കുകയും ചെയ്തു. (ഹാഫിസ് സാഹിബ് പറയുന്നു) അവിടുത്തെ പ്രഭാഷ ണത്തിന് അത് തടസ്സമുണ്ടാക്കിയതിനാൽ എനിക്ക് അത് തീരെ ഇഷ്ടപ്പെട്ടില്ല. ഞാൻ ഉടൻ തന്നെ വാതിൽ അടച്ചുകളഞ്ഞു. അപ്പോൾ അവിടുന്ന് തന്റെ പ്രഭാഷണം നിർത്തിവെച്ചു കൊണ്ട് എന്നോട് അരുളി: *അകത്തെ വാതിലിൽ ചെന്ന് തട്ടുക, ആ യാചകന് അകത്തുനിന്ന് എന്തെങ്കിലും എടുത്തു കൊടുക്കുക.* ശേഷം അവിടുന്ന് പറഞ്ഞു: *യാചകൻ വന്നു ചോദിക്കു മ്പോൾ അവന്റെ മുന്നിൽ വാതിൽ അടയ്ക്കുന്നത് ഒട്ടും നല്ല പ്രവൃത്തിയല്ല.*

ശൈഖ് യഅ്ഖൂബ് അലി ഇർഫാനി (റ) എഴുതുന്നു: ഞാൻ 1892 മുതൽ ഖാദിയാനിൽ വരാറുണ്ടായിരുന്നു, 1898 മുതൽ സ്ഥിരമായി ഹദ്റത്ത് അഖ്ദസ് (അ)ന്റെ സേവനത്തിൽ നിലകൊണ്ടു. എന്റെ മുന്നിൽ വെച്ച് നിരവധി ആളുകൾ അവിടുത്തോട് ചോദിച്ചുവന്നിട്ടുണ്ട്. എന്നാൽ ചോദിച്ചുവന്ന ഒരു യാചകന് ഹദ്റത്ത് മസീഹ്മൗഊദ് (അ) ചെമ്പു നാണയം നൽകുന്നത് ഞാൻ കണ്ടിട്ടില്ല. അവിടുന്ന് എപ്പോഴും വെള്ളിക്കാശാണ് നൽകിയിരുന്നത്, അതായത് എപ്പോഴും വലിയ തുകകളാണ് അവിടുന്ന് ദാനം ചെയ്യാറുണ്ടായിരുന്നത്.

ഒരിക്കൽ ഒരു ഫക്കീർ ഹദ്റത്ത് സാഹിബ് (അ) ഒറ്റയ്ക്കിരിക്കുന്ന നേരം വന്ന് ഇപ്രകാരം പറഞ്ഞു: 'കാട്ടിൽ ഒരു കിണർ കുഴിപ്പിക്കാൻ ഞാൻ ആഗ്ര ഹിക്കുന്നു. അവിടെയെത്തുന്ന യാത്രികർക്ക് അതൊരു ആശ്വാസമായിരിക്കും, അവർക്ക് കുടി വെള്ളവും ലഭിക്കും.' ജനങ്ങളെ സേവിക്കാ നുള്ള ഒരു പ്രവൃത്തിയാണിത് എന്ന് മനസ്സി ലാക്കിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) ആ നിമിഷം തന്നെ ആ ലക്ഷ്യത്തിനായി അയാൾക്ക് 200 രൂപ നൽകി. ഇതിലൂടെ ജന സേവനത്തിന് കൽപ്പിക്കുക മാത്രമല്ല, മറിച്ച് അവിടുന്ന് തന്റെ പ്രായോഗിക മാതൃകയിലൂടെ അത് കാണിച്ചുതരികയും ചെയ്തു.

ഹദ്റത്ത് അബ്ദുസ്സമീഅ് സാഹിബ് (റ) വിവ രിക്കുന്നു: ഹദ്റത്ത് മിയാൻ ശരീഫ് അഹ്മദ് സാഹിബ് (റ)ന്റെ അഖീഖഃ ചടങ്ങായിരുന്നു അത്. അതിഥിമന്ദിരത്തിൽ എല്ലാ അതിഥികളും ഭക്ഷണം കഴിച്ചുകൊണ്ടിരിക്കെ ഒരു ഫക്കീർ യാചിച്ചുകൊണ്ട് അകത്തേക്ക് പ്രവേശിച്ചു. അവിടെയുണ്ടായിരുന്ന ആളുകൾ അയാളെ പുറ ത്താക്കാൻ തുടങ്ങിയപ്പോൾ, ഹദ്റത്ത് അഖ്ദസ് (അ) സ്വയം മുന്നോട്ട് വന്ന് ആ ഫക്കീറിന് ഭക്ഷണം എടുത്തു നൽകുകയും, അയാളെ ശകാരിക്കുന്നതിൽ നിന്നും തടയുകയും ചെയ്തു. അവിടുന്ന് അരുളി: *അയാൾ ഭക്ഷണം കഴിക്കാൻ വന്നതാണ്, അയാളെ അകറ്റിയോടിക്കരുത്.*

ഹദ്റത്ത് മുൻശി സഫർ അഹ്മദ് സാഹിബ് (റ) വിവരിക്കുന്നു: ഒരിക്കൽ ഒരു മൗലവി ഖാദിയാ നിൽ വരികയും ഹദ്റത്ത് മസീഹ് മൗഊദ് (അ)മായി വാദപ്രതിവാദത്തിൽ ഏർപ്പെടുകയും ചെയ്തു. ഈസാ നബി (അ)ന്റെ മരണവും ജീവിതവുമായി ബന്ധപ്പെട്ട വിഷയത്തിലാ യിരുന്നു ചർച്ച. ഹദ്റത്ത് അഖ്ദസ്(അ) അദ്ദേ ഹത്തിന് മറുപടി നൽകാൻ ആരംഭിച്ചപ്പോൾ അദ്ദേഹം തികച്ചും നിശ്ശബ്ദനായിപ്പോയി. അവി ടുന്ന് കാര്യങ്ങൾ വ്യക്തമാക്കിക്കൊടുത്ത ശേഷം, 'കാര്യം മനസ്സിലായോ' എന്ന് ചോദി ച്ചപ്പോൾ, അയാൾ അങ്ങേയറ്റത്തെ അഹങ്കാര ത്തോടും ധിക്കാരത്തോടും കൂടി ഇപ്രകാരം പറഞ്ഞു:'നിങ്ങൾ ദജ്ജാലാണെന്ന് എനിക്ക് മനസ്സിലായി' (നഊദുബില്ലാഹ്). കാരണം, വാദപ്രതിവാദങ്ങളിൽ മറ്റുള്ളവരെ നിശ്ശബ്ദരാ ക്കുക എന്നത് ദജ്ജാലിന്റെ ലക്ഷണമാണ്.' ഇത് കേട്ടിട്ടും അവിടുന്ന് മറുപടിയൊന്നും പറ ഞ്ഞില്ല; തുടർന്ന് അയാൾ അവിടെ നിന്നും പോവുകയും ചെയ്തു.

പിന്നീട് അമൃത്സറിൽ ചെന്ന ശേഷം അയാൾ ഒരു ലഘുലേഖ അച്ചടിച്ചിറക്കുകയുണ്ടായി. അതിൽ ഈ സംഭവം വിവരിച്ചുകൊണ്ട് അയാൾ ഇപ്രകാരം എഴുതി: അവിടുന്ന് (മിർസാ സാഹിബ്) അകത്തേക്ക് വന്നപ്പോൾ, എനിക്ക് ചില ആവശ്യങ്ങളുണ്ടെന്നും എന്നോട് വല്ല കാരുണ്യവും കാണിക്കണമെന്നും അഭ്യർത്ഥിച്ചു കൊണ്ട് ഞാൻ ഒരു കത്തു കൊടുത്തയച്ചു. അത് കണ്ടയുടൻ അവിടുന്ന് എനിക്ക് 15 രൂപ കൊടുത്തയച്ചു. അവിടുന്ന് വളരെ ഉദാരമതി യായ ഒരു മനുഷ്യൻ തന്നെയാണ്!'

ഹദ്റത്ത് ഖാദി അബ്ദുൽ ഗഫൂർ സാഹിബ് (റ) വിവരിക്കുന്നു: 1906-ൽ ഞാൻ എന്റെ ജ്യേഷ്ഠനോടൊപ്പം റാവൽപിണ്ടിയിൽ നിന്നും ഖാദിയാനിൽ വന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) പള്ളിയുടെ പടവുകൾ ഇറങ്ങി വരിക യായിരുന്നു. ആ സമയം ഹകീം ഷാനവാസ്

എന്നൊരാൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഒരു ചെറുസഞ്ചിയിൽ 17 പൗണ്ട് നേർച്ചയെന്നോണം സമർപ്പിച്ചു. അവിടുന്ന് ആ സഞ്ചി വാങ്ങി തന്റെ കീശയിലിട്ടു. പടവുകൾക്ക് താഴെ ഒരു യാചകൻ നിൽപ്പുണ്ടായിരുന്നു; അയാൾ തന്റെ ആവശ്യം ഉണർത്തിച്ചു. ഹദ്റത്ത് അഖ്ദസ്(അ) ആ നിമിഷം തന്നെ കീശയിൽ നിന്നും ആ സഞ്ചി പുറത്തെടുത്ത് അയാളുടെ കയ്യിൽ വെച്ചു കൊടുത്തു. ഇത് കണ്ടപ്പോൾ ഹകീം സാഹിബ് പറഞ്ഞു: ഹുസൂർ, അതിൽ 17 പൗണ്ട് ഉണ്ടായിരുന്നു. അവിടുന്ന് അരുളി: *ഇത് അയാൾക്കുള്ളതായിരുന്നു, അയാൾക്കു തന്നെ എത്തിച്ചേർന്നു. അന്ന് അത് വലിയൊരു തുകയായിരുന്നു!*

ഹദ്റത്ത് ഉമ്മുൽ മുഅ്മിനീൻ(റ)ൽ നിന്നും ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റ) ഒരു നിവേദനം വിവരിക്കുന്നു. അദ്ദേഹം എഴുതുന്നു: എന്റെ ഉമ്മ എന്നോട് ഇപ്രകാരം പറയുകയുണ്ടായി; 'ഹദ്റത്ത് സാഹിബ്(അ) വളരെയധികം സദഖഃ ചെയ്യാറുണ്ടായിരുന്നു. പൊതുവെ അത് വളരെ രഹസ്യമായിട്ടായിരുന്നു ചെയ്യാറ്, ഞങ്ങൾ പോലും അത് അറിയാറുണ്ടായിരുന്നില്ല.' ഞാൻ ഉമ്മയോട് ചോദിച്ചു: 'അവിടുന്ന് എത്രയായിരുന്നു സദഖഃ നൽകിയിരുന്നത്?'.ഉമ്മ അരുളി:'വളരെയധികം നൽകുമായിരുന്നു; അവിടുത്തെ അവസാനനാളുകളിൽ തനിക്ക് ലഭിക്കുന്ന പണത്തിന്റെ പത്തിലൊന്ന് സദഖഃ ചെയ്യാനായി പ്രത്യേകം മാറ്റിവെക്കുമായിരുന്നു.'

വരുമാനത്തിന്റെ പത്തിലൊന്ന് മാത്രമേ അവിടുന്ന് സദഖഃ ചെയ്യാറുണ്ടായിരുന്നുള്ളൂ എന്ന് ഇതിനർത്ഥമില്ല; മറിച്ച്,ചില സമയങ്ങളിൽ വീട്ടുചിലവുകൾ ആവശ്യത്തിലധികം വർദ്ധിച്ചു പോയാലും പാവങ്ങൾക്ക് നൽകുന്ന ദാനധർമ്മങ്ങളിൽ യാതൊരുവിധ കുറവോ വീഴ്ചയോ വരാതിരിക്കാൻ വേണ്ടി അവിടുന്ന് മുൻകൂട്ടിത്തന്നെ കുറഞ്ഞത് പത്തിലൊരു ഭാഗം മാറ്റിവെക്കുമായിരുന്നു.ആ തുക മറ്റ് ആവശ്യങ്ങൾക്കായി ചിലവഴിക്കപ്പെടാതിരിക്കാൻ വേണ്ടിയായിരുന്നു ഇത്. സദഖഃ നൽകുന്ന കാര്യത്തിൽ അഹ്മദിയെന്നോ അനഹ്മദിയെന്നോ ഉള്ള യാതൊരുവിധ വിവേചനവും അവിടുന്ന് കാണിച്ചിരുന്നില്ല. ചോദിച്ചുവരുന്ന യാചകനെ ഒരിക്കലും വെറുംകൈയോടെ തിരിച്ചയക്കാതിരിക്കുക എന്നത് അവിടുത്തെ ശീലമായിരുന്നു. മനുഷ്യന്റെ ആവശ്യങ്ങളുടെ അതിസൂക്ഷ്മങ്ങളായ അവസ്ഥകളെപ്പോലും വളരെ കൃത്യമായി മനസ്സിലാക്കുന്ന ശീലവും അങ്ങേയ്ക്ക് ഉണ്ടായിരുന്നു.

ഒരിക്കൽ ഒരാൾ ഹദ്റത്ത് അഖ്ദസ്(അ)ന് മനോഹരമായ ഒരു തൊപ്പി സമ്മാനമായി കൊടുത്തയച്ചു. ഈ പാർസൽ അവിടുത്തെ സന്നിധിയിൽ എത്തിയ സമയം അവിടെ യാദൃശ്ചികമായി ഒരു ഹിന്ദു സഹോദരനും ഉണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ആ പാഴ്സൽ തുറന്നപ്പോൾ അത് മനോഹരമായ തൊപ്പിയാണെന്ന് അങ്ങേയ്ക്ക് മനസ്സിലായി. അവിടെയുണ്ടായിരുന്ന ഹിന്ദു സഹോദരൻ ആ തൊപ്പിയെ വളരെയധികം പ്രശംസിച്ചു സംസാരിച്ചു. അവിടുന്ന് ആ നിമിഷം തന്നെ ആ തൊപ്പി അയാൾക്ക് സമ്മാനമായി നൽകി.

സർഫ്രാസ് ഖാൻ എന്നൊരു അഹ്മദി സഹോദരൻ വിവരിക്കുന്നു: ഞങ്ങൾ ജൽസയിൽ പങ്കെടുക്കാൻ വന്നതായിരുന്നു. ആ സമയം ആരോ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഒരു പെൺകുതിരയെ സമ്മാനമായി നൽകി. അത് കണ്ടപ്പോൾ എന്റെ മനസ്സിൽ ഒരാഗ്രഹം തോന്നി; 'ഈ കുതിരയെ എനിക്ക് ലഭിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു! ഞാൻ ഇതിനെയുംകൊണ്ട് നാട്ടിൽ ചെന്നിട്ട് മസീഹിന്റെ കുതിരയെയാണ് ഞാൻ കൊണ്ടുവന്നിട്ടുള്ളത് എന്ന് എല്ലാവരോടും പറയാമായിരുന്നു.' ജൽസക്ക് ശേഷം ഞാൻ അവിടുത്തെ സന്നിധിയിൽ അപേക്ഷിച്ചു: 'ഹുസൂർ, ഞാൻ നാട്ടിലേക്ക് മടങ്ങാൻ ആഗ്രഹിക്കുന്നു.' അവിടുന്ന് അരുളി: *അല്പം കൂടി കാത്തിരിക്കൂ.* ഏതാനും ദിവസങ്ങൾക്ക് ശേഷം ഞാൻ വീണ്ടും മടങ്ങാൻ അനുവാദം ചോദിച്ചപ്പോൾ ഹദ്റത്ത് അഖ്ദസ് (അ) അരുളി: *ചൗധരി സാഹിബ്! ഈ കുതിരയെ നിങ്ങൾ കൊണ്ടുപൊയ്ക്കൊള്ളുക.* ഞാൻ ചോദിച്ചു: 'ഹുസൂർ, ഈ കുതിരയുടെ വില എന്താണ്?'. അവിടുന്ന് അരുളി: *ഇതിന് പുല്ലും തീറ്റയും നൽകുക, ഇതിന്റെ പുറത്ത് കയറി യാത്ര ചെയ്യുക; അതുതന്നെയാണ് ഇതിന്റെ വില!*

ഖുതുബയുടെ അവസാനം ഹുസൂർ അൻവർ (അയ്യദഹുല്ലാഹ്..)പറഞ്ഞു: ഏത് ഉത്കൃഷ്ട സ്വഭാവഗുണങ്ങൾ നമ്മളിൽ വളർത്തിയെടുക്കാനാണോ അല്ലാഹു നബി കരീം(സ)യുടെ ദാസത്വത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ നിയോഗിച്ചത്, ആ സ്വഭാവഗുണങ്ങൾ ഉൾക്കൊ

ള്ളാൻ അല്ലാഹു നമുക്കും തൗഫീഖ് നൽകു മാറാകട്ടെ. ആമീൻ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ
بِهٖ وَ نَتَوَكَّلُ عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ
مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ
يُّضْلِلْهُ فَلَا هَادِيَ لَهٗ ـ وَنَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ
مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ ـ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ
بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَآءِ
وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ
يَذْكُرْكُمْ وَادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ ـ

**FRIDAY SERMON SUMMARY** DELIVERED BY**HAZRAT KHALIFATUL MASIH V(ATBA)**

ISLAMABAD UK ON 26.06.2026

SUMMARIZED BY MAJLIS ANSARULLAH BHARAT

MALAYALAM TRANSLATION BY HARIF MOHAMMED BM

FOR MALAYALAM DESK, QADIAN

PUBLISHED BY NAZARAT NASHR-O-ISHAAT,

SADR ANJUMAN AHMADIYYA QADIAN 143516